KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank | Vol.2 | Issue.6 | June 2022

# വിദ്യാനിധി ക്യാമ്പയിൻ ജൂണിൽ ആരംഭമായി



തിരുവനന്തപുരം അരുവിപ്പുറം ശാഖാ പരിധിയിലുള്ള മാരായമുട്ടം സ്കൂളിൽ ഹെഡ്മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ കേരള ബാങ്കിന്റെ നെയിം സ്ലിപ്പുകൾ വിതരണം ചെയ്യുന്നു

സംസ്ഥാനത്ത് വീണ്ടും വിദ്യാലയങ്ങൾ സജീവമായ ജൂൺ മാസത്തിൽ കുട്ടികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ആവിഷ്കരിച്ച് നടപ്പാക്കിയ 'വിദ്യാനിധി നിക്ഷേപ പദ്ധതി' യുടെ ക്യാമ്പയിൻ നടത്താൻ ബാങ്ക് തീരുമാനിക്കുകയും പരമാവധി അക്കൗണ്ട് ക്യാൻവാസ് ചെയ്യാനായി ബാങ്കിന്റെ എല്ലാ ശാഖകളും മുന്നോട്ട് ഇറങ്ങുകയും ചെയ്തു.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപപദ്ധതിയാണ് വിദ്യാനിധി. 12 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്വന്തം പേരിൽ വിദ്യാനിധി അക്കൗണ്ട് ആരംഭിക്കാം. വിദ്യാനിധി അക്കൗണ്ടിനോടൊപ്പം രക്ഷിതാക്കൾക്ക് പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.

ഏറെ ആകർഷകരമായ 'വിദ്യാനിധി പദ്ധതി'



വിദ്യാനിധി പദ്ധതിയിൽ അംഗമായ പാലക്കാട്, കല്ലേപ്പുള്ളി, പി.എ. എം.എം.യു.പി.സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ കുടുക്ക, പ്രധാന അധ്യാപിക ശ്രീമതി.ഉഷ ടീച്ചർ സമ്മാനിക്കുന്നു.

ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ 29.11. 2021-ന് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ദിവസം തന്നെ 30,000-ൽ അധികം അക്കൗണ്ടുകൾ ബാങ്കിന്റെ വിവിധ ശാഖകളിൽ തുറന്നു. പദ്ധതിയോട് ആവേശകരമായ പ്രതികരണം ജൂൺ മാസത്തിലും ദൃശ്യമായിരുന്നു.



വിദ്യാനിധി ക്യാമ്പയിനിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ തേവര ബ്രാഞ്ചിന്റെ നേതൃത്വത്തിൽ സിസിഎൽഎം ആംഗ്ലോ ഇന്ത്യൻ സ്കൂളിൽ വിദ്യാർഥികളെ അക്കൗണ്ട് ഉടമകളാക്കുന്നു



കേരള ബാങ്ക് തൃശ്ശൂർ അത്താണി ശാഖ പറളിക്കാട് ഗവ: യുപിഎസ്സിൽ സംഘടിപ്പിച്ച വിദ്യാനിധി ക്യാമ്പയിൻ.



ആലപ്പുഴ നടക്കാവ് ഈവനിംഗ്, ചേർത്തല മെയിൻ, അർത്തുങ്കൽ ശാഖകളും ശ്രീ ശങ്കര ഇംഗ്ലീഷ് മീഡിയം സ്കൂളും സംയുക്തമായി സംഘടിപ്പിച്ച വിദ്യാനിധി അക്കൗണ്ട് ക്യാമ്പയിൻ ബാങ്ക് ഡയറക്ടർ ശ്രീ എം .സത്യപാലൻ ഉദ്ഘാടനം ചെയ്ത ശേഷം വിദ്യാർത്ഥികൾക്കൊപ്പം.

# നിരഞ്ജനയ്ക്ക് വിദ്യാനിധി അക്കൗണ്ട് 'നിധി' പോലെ



അത്താണി സ്വദേശിനിയായ തെങ്ങോട് ഗവ. എച്ച്.എസിലെ നിരഞ്ജനയ്ക്ക് സ്വന്തം പേരിൽ ഒരു ബാങ്ക് പാസ് ബുക്ക് കൈയ്യിൽ ലഭിക്കുമ്പോൾ സന്തോഷം അടക്കാനായില്ല.

അഗ്നിബാധയിൽ വീട് എരിഞ്ഞടങ്ങുന്നത് നോക്കി നിൽക്കേണ്ടി വന്ന ഈ കൊച്ചുകൂട്ടുകാരിക്ക് സർട്ടിഫിക്കറ്റുകളെല്ലാം തീപിടുത്തത്തിൽ നഷ്ടമായിരുന്നു. കേരള ബാങ്കിന്റെ വിദ്യാനിധി അക്കൗണ്ട് ക്യാമ്പയിനിന്റെ ഭാഗമായി സ്ക്കൂൾ സന്ദർശിച്ച എറണാകുളം ഇൻഫോപാർക്ക് ബ്രാഞ്ച് ടീമിനോട് സർട്ടിഫിക്കറ്റ് ഒന്നും കൈയ്യിലില്ലാത്തതിനാൽ ഒരു ബാങ്കും തന്റെ അക്കൗണ്ട് തുടങ്ങാനുള്ള അപേക്ഷ സ്വീകരിക്കുകയുണ്ടായില്ല എന്ന് അവൾ സങ്കടപ്പെടുകയുണ്ടായി. ഇൻഫോപാർക്ക് ബ്രാഞ്ച് മുൻകൈയെടുത്ത് നിരഞ്ജനയുടെ സ്ക്കൂൾ സർട്ടിഫിക്കറ്റ് അടക്കം ആവശ്യമായ എല്ലാ രേഖകളും സമാഹരിച്ച് നിരഞ്ജനയേയും കേരളബാങ്കിന്റെ അക്കൗണ്ട് ഉടമയാക്കി..... നിരഞ്ജന ഹാപ്പിയായി...

വിദ്യാനിധി ക്യാമ്പയിനിന്റെ ഭാഗമായി ബുധനാഴ്ച സ്ക്കുളിൽ നടന്ന ചടങ്ങിൽ നിരഞ്ജനയ്ക്ക് ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് കൈമാറി.




2022 ജൂൺ 18 മുതൽ 24 വരെ സ്പെയിനിലെ Sevilla യിൽ നടന്ന അന്തർ ദേശീയ സഹകരണ സഖ്യം (ICA) ജനറൽ അസംബ്ലിയിൽ പങ്കെടുത്ത കേരള ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ, ചീഫ് ജനറൽ മാനേജർ ശ്രീ.കെ.സി.സഹദേവൻ എന്നിവർ.

NABARD
Published with assistance from NABARD under Co-operative Development Fund

# അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF)



കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള പ്രാഥമിക മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും സംഘങ്ങൾക്കും പരമാവധി 7 വർഷംവരെ) അഗ്രി ഇൻഫ്രാ ഫണ്ടിൽ നിന്നുള്ള 3% പലിശ ഇളവിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

കാർഷിക ഉല്പാദനം, വിളവെടുപ്പിനു ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തി വികസനം, വിഭവസമാഹരണം എന്നീ മേഖലകളിലായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുവദിക്കുന്ന ഇടത്തരം/ദീർഘകാല വായ്പകൾക്ക് 3% പലിശ സബ്സിഡി അനുവദിക്കുന്നതായിരിക്കും.

### AIF പദ്ധതിയുടെ ഗുണഭോക്താക്കൾ

- വ്യക്തികൾ
- പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ
- കർഷകരുടെ ഉൽപാദക സംഘങ്ങൾ
- കാർഷിക മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ/സ്റ്റാർട്ടപ്പുകൾ
- FPO കൾ
- മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ
- മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ
- SHG/JLG കൾ
- കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികൾ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ

### AIF പദ്ധതി അനുവദിക്കുന്ന മേഖലകൾ

കാർഷിക ഉല്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനും വിവിധ മൂല്യവർധിത പദ്ധതികൾ നടപ്പാക്കുന്നതിനും നവീകരിക്കുന്നതിനും AIF സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

**എ)** വിളവെടുപ്പിനുശേഷം ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾക്ക്

1. ഇ-മാർക്കറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സേവനങ്ങൾക്ക്
2. വെയർ ഹൗസുകൾ (ലഘു സംഭരണശാല)
3. സൈലോണുകൾ (നിലവറ, സംഭരണികൾ)
4. പാക്ക് ഹൗസുകൾ
5. അസൈയിംഗ് യൂണിറ്റ് (ഉൽപന്നങ്ങളുടെ ഗുണനിലവാര നിർണയ യൂണിറ്റ്)
6. സോർട്ടിംഗ് & ഗ്രേഡിംഗ് യൂണിറ്റ്
7. കോൾഡ് സ്റ്റോറേജ്
8. ലോജിസ്റ്റിക് സൗകര്യങ്ങൾ (കൃഷിക്കാവശ്യമായ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ)
9. പ്രാഥമിക പ്രോസസിംഗ് കേന്ദ്രങ്ങൾ
10. റൈപ്പനിംഗ് യൂണിറ്റ് (പഴവർഗ്ഗങ്ങൾ പാകമാകാൻ വയ്ക്കുന്ന ഇടം)

**ബി)** കമ്മ്യൂണിറ്റി ഫാമിംഗ് തുടങ്ങിയ പ്രായോഗിക പദ്ധതികൾക്ക്

1. ഓർഗാനിക് ഇൻപുട്ടുകളുടെ ഉൽപാദനം
2. ജൈവവള ഉൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് (Bio-Stimulant)
3. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം
4. കയറ്റുമതി ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ സപ്ലൈ ചെയിനിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്
5. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ അല്ലെങ്കിൽ പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ കീഴിലുള്ള കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾ അല്ലെങ്കിൽ പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ കീഴിലുള്ള കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾ അല്ലെങ്കിൽ വിളവെടുപ്പിനു ശേഷം ഉൽപ്പന്നങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ ഇവക്കും AIF വായ്പ ലഭിക്കുന്നതാണ്.

### AIF പലിശ ഇളവിന് അർഹമായ മേഖലകൾക്ക് കേരളബാങ്കുവഴി അനുവദിക്കുന്ന വായ്പകൾ

(കാർഷിക ഉൽപന്നങ്ങളുടെ പ്രാഥമിക സംസ്കരണം/പ്രാഥമിക മൂല്യവർദ്ധിത സംരംഭങ്ങൾക്ക്) കേരള ബാങ്കിൽ താഴെപ്പറയുന്ന വായ്പ പദ്ധതികൾ നൽകുന്നു. (വ്യക്തികൾക്കും, സംഘങ്ങൾക്കും)

1. കേരള ബാങ്ക് മിത്ര വായ്പ (MSME)
2. കേരള ബാങ്ക് സുവിധ വായ്പ (MSME)
3. കേരള ബാങ്ക് സുവിധ പ്ലസ്
4. കേരള ബാങ്ക് പ്രവാസി കിരൺ
5. കേരള ബാങ്ക് പ്രവാസി ഭദ്രത
6. കേരള ബാങ്ക് ദീർഘകാല കാർഷിക വായ്പ (LT Agrl)
7. കേരള ബാങ്ക് ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പ (Micro Food Processing Enterprises Loan)
8. കേരള ബാങ്ക് യുവമിത്ര (MSME)
9. FPO വായ്പ
10. സ്പെഷ്യൽ റീഫിനാൻസ് വായ്പ (SRF) – PACS as MSC (സംഘങ്ങൾക്കു മാത്രം)

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ ഗുണപരമായ വികസനം (creative capital Asset) എന്നിവയിലൂടെ കേരളത്തിലെ 600 ഓളം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ ചുരുങ്ങിയകാലം കൊണ്ട് ബഹുമുഖ സേവന കേന്ദ്രങ്ങളാക്കുന്ന പദ്ധതിയാണ് SRF (PACS as MSC) നബാർഡ് ധനസഹായത്തോടെയാണ് കേരള ബാങ്ക് ഈ പദ്ധതി നടപ്പിലാക്കുന്നത്. അഗ്രോസ്റ്റോറേജ് സെന്ററുകൾ ആധുനിക രീതിയിലുള്ള കോൾഡ് സ്റ്റോറേജുകൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ, ആഗ്രോ പ്രോസസിംഗ് കേന്ദ്രങ്ങൾ, അഗ്രി ഇൻഫർമേഷൻ സെന്റർ, അഗ്രി ട്രാൻസ്പോർട്ടേഷൻ ആന്റ് മാർക്കറ്റിംഗ് ഫെസിലിറ്റികൾ, കൺസ്യൂമർ സ്റ്റോർ/ മറ്റ് പലവക പ്രവത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലെ പ്രോജക്ടുകൾക്ക് 50 ലക്ഷം മുതൽ 5 കോടി വരെ 4% പലിശ നിരക്കിൽ long term refinance സംവിധാനത്തിലൂടെയാണ് വായ്പ അനുവദിക്കുന്നത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള പ്രാഥമിക മൂല്യ വർദ്ധിത സംരംഭ വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (AIF) നിന്നുള്ള 3% പലിശ ഇളവും ലഭിക്കുന്നു.

### എങ്ങനെ അപേക്ഷിക്കാം?

AIF പലിശ ഇളവിന് അപേക്ഷിക്കുന്ന വ്യക്തികളും സംഘങ്ങളും അപേക്ഷ ബാങ്കിൽ സമർപ്പിക്കുന്നതോടൊപ്പം AIF പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അപേക്ഷ നൽകേണ്ടതാണ്. (portal id. Agriinfra.dac.gov.in) അപേക്ഷകന്റെ ബാങ്കിലുള്ള അക്കൗണ്ട് നമ്പറും, വായ്പാപേക്ഷ സമർപ്പിക്കുന്ന ബാങ്ക് ശാഖയുടെ വിവരങ്ങളും നിശ്ചിത മാതൃകയിൽ DPR വിവരങ്ങൾ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

# ഡോ: ഗോപകുമാരൻ നായർ നബാർഡ് ചീഫ് ജനറൽ മാനേജർ



നബാർഡ് കേരള മേഖല ചീഫ് ജനറൽ മാനേജരായി ഡോ. ജി ഗോപകുമാരൻ നായർ സ്ഥാനമേറ്റു. ജാർഖണ്ഡിൽ ചീഫ് ജനറൽ മാനേജരായി പ്രവർത്തിക്കുകയായിരുന്നു. തിരുവനന്തപുരം പൂജപ്പുര സ്വദേശിയും യൂണിവേഴ്സിറ്റി കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമാണ്. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയിട്ടുണ്ട്. 1996-ൽ ഇക്കോണമിസ്റ്റായി നബാർഡിൽ പ്രവേശിച്ച ഇദ്ദേഹം 90-ലേറെ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ചെന്നൈ, മുംബൈ, അരുണാചൽപ്രദേശ്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ വിവിധ പദവികളിൽ ജോലി ചെയ്തു. വികസന ബാങ്കിങ്ങിൽ നിരവധി വർഷത്തെ പരിചയമുണ്ട്.

കാർഷിക വായ്പ, കേന്ദ്ര സർക്കാരിന്റെ പലിശയിളവ് സഹായ പദ്ധതി, കാർഷികോൽപ്പന്നങ്ങൾ, കൃഷിയിലെ മുതൽമുടക്ക് തുടങ്ങിയവയിൽ ഇദ്ദേഹത്തിന്റെ 12 റിപ്പോർട്ട് നബാർഡ് പ്രകാശനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പല സമിതികളിലും ടാസ്ക് ഫോഴ്സിലും പങ്കാളിയായിട്ടുണ്ട്.

# കേരള ബാങ്കിൽ ആഴ്ചയിൽ ഒരുദിവസം ഖാദിവസ്ത്രം; ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു



കേരള ബാങ്ക് നടപ്പിലാക്കുന്ന ആഴ്ചയിൽ ഒരു ദിവസം ഖാദിവസ്ത്രം കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ഖാദി വസ്ത്രം വിതരണം ചെയ്ത് കേരള ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി. ജയരാജൻ നിർവ്വഹിക്കുന്നു.

ഖാദിവസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ബാങ്ക് നടപ്പിലാക്കുന്ന ആഴ്ചയിൽ ഒരു ദിവസം ഖാദിവസ്ത്രം കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കേരള ഖാദി ബോർഡ് വൈസ് ചെയർമാൻ, ശ്രീ. പി. ജയരാജൻ നിർവ്വഹിച്ചു. ആഴ്ചയിൽ ഒരു ദിവസം ഖാദിവസ്ത്രം ധരിക്കാനുള്ള കേരള ബാങ്ക് ജീവനക്കാരുടെ തീരുമാനം ഈ മേഖലയിൽ ജോലി ചെയ്യുന്നവരോട് കാണിക്കുന്ന സ്നേഹമാണ് വെളിവാക്കുന്നതെന്നും ഖാദി ഇന്ത്യൻ ദേശീയ വികാരത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. ബാങ്കിന്റെ കോഴിക്കോട് റീജിയണൽ കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ കേരള ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. രമേശ്ബാബു അധ്യക്ഷത വഹിച്ചു. കൺസ്യൂമർ ഫെഡ് ചെയർമാനും കേരള ബാങ്ക് ഡയറക്ടറുമായ, ശ്രീ.എം. മെഹബൂബ് മുഖ്യാഥിതിയായിരുന്നു. ഖാദി ബോർഡ് മെമ്പർമാരായ ശ്രീ.സാജൻ തൊടുകയിൽ, ശ്രീ.എസ്.ശിവരാമൻ, ഡെപ്യൂട്ടി ജനറൽ മാനേജർ, ശ്രീമതി. കെ.എം.റീന, കേരളാ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി, ശ്രീ. പി.പ്രേമാനന്ദൻ, കേരളാ ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജനറൽ സെക്രട്ടറി, ശ്രീ. പി.കെ.രാജേഷ് എന്നിവർ പ്രസംഗിച്ചു. പ്രൊജക്ട് ഓഫീസർ, ശ്രീ.കെ. ഷിബി ഖാദി ബോർഡ് പദ്ധതികൾ വിശദീകരിച്ചു. കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ, ശ്രീ. സി അബ്ദുൽ മുജീബ് സ്വാഗതവും സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ, ശ്രീ.പി.ബാലഗോപാലൻ നന്ദിയും പറഞ്ഞു.

## സഹകരണ വാർത്തകൾ

- ജൂൺ 3 : സർക്കാരിന് ആവശ്യമായ സേവനങ്ങളും ഉത്പന്നങ്ങളും വിൽക്കുന്ന ഓൺലൈൻ വിപണിയിൽ (e-market place) സഹകരണ സ്ഥാപനങ്ങൾക്കും സംഭരണം അനുവദിക്കാൻ കേന്ദ്രമന്ത്രിസഭ യോഗത്തിൽ തീരുമാനിച്ചു. രാജ്യത്തെ 8.54 ലക്ഷം സഹകരണ സ്ഥാപനങ്ങൾക്ക് e-market place വഴി ഉൽപ്പന്നങ്ങളും സേവനങ്ങളും വാങ്ങാനാകും.

- ജൂൺ 5 : ലോക പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് സഹകരണവകുപ്പ് നടപ്പാക്കുന്ന ഹരിതം സഹകരണം പദ്ധതിയിലൂടെ ഒരു ലക്ഷം മാവിൻതൈ നട്ടുപരിപാലിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം പാമ്പാടി സർവീസ് സഹകരണ ബാങ്ക് അങ്കണത്തിൽ ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി. എൻ. വാസവൻ നിർവഹിച്ചു.

- ജൂൺ 13: റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. സഹകരണ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ വിജയകരമായ മുന്നേറ്റം നടത്തിയ സ്ഥാപനമാണ് റെയ്ഡ്കോ. 50-ാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ സഹകരണ രംഗത്തെ മികച്ച സ്ഥാപനങ്ങളിലൊന്നായി റെയ്ഡ്കോ മാറി കഴിഞ്ഞിരിക്കുന്നു. എല്ലാ ജില്ലകളിലുമായി 36 ബ്രാഞ്ചുകൾ, നാല് ഉൽപ്പാദക യൂണിറ്റുകൾ, ആൻഡമാനിലെ പോർട്ട് ബ്ലെയറിൽ ആഗ്രോ മെഷിനറി യൂണിറ്റ് തുടങ്ങി വിപുലമായ പ്രവർത്തന മേഖലയാണ് റെയ്ഡ്കോയ്ക്കുള്ളത്. കഴിഞ്ഞ വർഷം 161 കോടി രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്. പ്രവർത്തന ലാഭം കൈവരിച്ചാണ് സ്ഥാപനം മുന്നോട്ട് പോകുന്നത്.

- ജൂൺ 15: കണ്ണൂർ ജില്ലാ പൊലീസ് സഹകരണ സംഘത്തിന്റെ എടിഎം കൗണ്ടർ ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. സമ്പൂർണമായും കോർ ബാങ്കിംഗ് സംവിധാനത്തിലാണ് പൊലീസ് സഹകരണ സംഘം പ്രവർത്തിക്കുന്നത്.

- ജൂൺ 18 : സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി സഹകരണവകുപ്പ് മുൻ അഡീഷണൽ രജിസ്ട്രാർ ശ്രീ. എം. ബിനോയി കുമാറിനെ നിയമിച്ചു.

- ജൂൺ 21 : ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസ് (ICA) ശ്രീ. ഏരിയൽ ഗ്വാർക്കോയെ അടുത്ത നാല് വർഷത്തേക്ക് പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുത്തു. ജൂൺ 20ന് സ്പെയിനിലെ സെവില്ലെയിൽ നടന്ന ജനറൽ അസംബ്ലിയിലാണ് തിരഞ്ഞെടുപ്പ് നടന്നത്. 2017 നവംബറിലാണ് ICA യുടെ പ്രസിഡന്റായി ആദ്യം തിരഞ്ഞെടുക്കപ്പെട്ടത്. നാലു വൈസ് പ്രസിഡന്റുമാരിൽ ഒരാൾ ഇന്ത്യയിൽ നിന്നുള്ള ശ്രീ.ചന്ദ്രപാൽ സിംഗ് യാദവ് ആണ്. 15 അംഗ ഡയറക്ടർ ബോർഡിനെയും തിരഞ്ഞെടുത്തു. ശ്രീ. ആദിത്യ യാദവ്, ഇന്ത്യൻ ഫാം ഫോറസ്ട്രി ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ് (IFFDC), ഇന്ത്യയുടെ പ്രതിനിധിയാണ്.

- ജൂൺ 29: സഹകരണ സംഘങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ആഗോള തലത്തിൽ വിപണി കണ്ടെത്താൻ ശ്രമിക്കുകയാണെന്ന് ബഹു: സഹകരണ വകുപ്പ മന്ത്രി, ശ്രീ. വി.എൻ. വാസവൻ നിയമസഭയെ അറിയിച്ചു. ചില സംഘങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾ വിദേശ വിപണിയിലേയ്ക്ക് കയറ്റി അയക്കുന്നുണ്ട്. ഇത്തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാൻ ശീതീകരിച്ച ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. സംസ്ഥാനത്ത് രണ്ട് സ്ഥലത്ത് ഇപ്പോൾ ഇത്തരം ഗോഡൗണുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സംഭരണത്തിന് ശീതീകരിച്ച വാഹനങ്ങളും സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.


കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ ബാങ്കുകൾക്കുള്ള All Rounder Performanceനുള്ള പുരസ്കാരം കേരള ബാങ്ക് പാലക്കാട് റീജിയണൽ മാനേജർ - ഇൻ-ചാർജ്ജ്, ശ്രീമതി. പ്രീത കെ. മേനോൻ കലക്ടർ ശ്രീമതി. മൃൺമയി ജോഷിയിൽ നിന്ന് സ്വീകരിക്കുന്നു.


ഗ്ലോബൽ അലയൻസ് ഫോർ ബാങ്കിങ് വാല്യൂസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.മാർട്ടിൻ റോണർ കേരള ബാങ്ക് തൃശ്ശൂർ റീജിയണൽ ഓഫീസ് സന്ദർശിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ.എം.കെ.കണ്ണനുമായി ചർച്ച നടത്തി. ഇസാഫ് ബാങ്ക് സ്ഥാപകൻ ശ്രീ.പോൾ തോമസ്, കേരള ബാങ്ക് തൃശ്ശൂർ ജനറൽ മാനേജർ, ശ്രീ. ജോളി ജോൺ, ജനറൽ മാനേജർ, ശ്രീ.പി.ആർ.രവിചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു


ഒളിമ്പിക് എക്സ്പോ 2022-ൽ കേരള ബാങ്ക് നടത്തിയ ലക്കി ഡ്രോയിലെ വിജയിക്ക് സമ്മാനവിതരണം ബാങ്ക് ഡയറക്ടർ അഡ്വ: എസ്. ഷാജഹാൻ നിർവഹിച്ചു. ബാങ്ക് റീജിയണൽ മാനേജർ, ഡോ. ആർ ശിവകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാർ എന്നിവർ തദ്ദവസരത്തിൽ സന്നിഹിതരായിരുന്നു.

# Transforming Villages.
# Ensuring Prosperity.






NABARD

**Development Bank of the Nation**

www.nabard.org /nabardonline


Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905